ഭരണഭാഷ-മാതൃഭാഷ

ജി 4/5155/2020/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 12.03.2020

# സർക്കുലർ

വിഷയം:-കോളേജ് വിദ്യാഭ്യാസ വകുപ്പ്-കൊറോണ (കോവിഡ്-19) സർക്കാർ പ്രഖ്യാപിച്ച നിയന്ത്രിത അവധി - അദ്ധ്യാപകർക്ക് തുടർ നിർദ്ദേശങ്ങൾ നലകുന്നത്-സംബന്ധിച്ച്

സൂചന:- കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം.

സംസ്ഥാനത്ത് കൊറോണ വൈറസ് ബാധയെ തുടർന്ന് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ജാഗ്രത നിർദ്ദേശത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കോളേജുകൾക്കും 31.03.2020 വരെ നിയന്ത്രിത അവധി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ കോളേജിന്റെ അക്കാദമിക കാര്യങ്ങളും മറ്റ് പ്രവർത്തനങ്ങളും സുഗമമായി നടക്കുന്നതിന് ഗസ്റ്റ് അദ്ധ്യാപകർ ഉൾപ്പെടെയുള്ള എല്ലാ അദ്ധ്യാപക ജീവനക്കാരും മാർച്ച് 31 വരെയും കോളേജുകളിൽ ഹാജരാകേണ്ടതും അവരവർക്ക് നിഷ്ക്കർഷിച്ചിട്ടുള്ള മറ്റ് അദ്ധ്യാപകേതര പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

1. ഓൺലൈൻ ട്യൂട്ടോറിയൽ ക്ലാസുകൾ സംഘടിപ്പിക്കുക.
2. അസൈൻമെന്റുകൾ ഓൺലൈനായി തയ്യാറാക്കി നൽകുകയും , ഇന്റേണൽ എക്സാമിനേഷൻ ഓൺലൈനായി നടത്തുകയും ചെയ്യുക.
3. അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട കോളേജുകൾ അത്തരം ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.
4. കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ എന്നിവിടങ്ങളിലെ ഉപകരണങ്ങളുടെ അത്യാവശ്യം നടത്തേണ്ട അറ്റകുറ്റ പണികളും, ആന്വൽ സ്റ്റോക്ക് വെരിഫിക്കേഷനും ഈ കാലയളവിൽ പൂർത്തീകരിക്കുക.
5. എല്ലാ ഡിപ്പാർട്ട്മെന്റുകളും വിദ്യാർത്ഥികൾക്കാവശ്യമായ Question bank തയ്യാറാക്കുക
6. University Examination മറ്റമില്ലാത്തതിനാൽ അത്തരം ജോലികളിൽ നിന്നും മാറിനിൽക്കാൻ പാടില്ല.
7. അവധി കാലയളവിൽ നഷ്ടപ്പെടുന്ന ക്ലാസുകൾക്ക് പകരമായി വിദ്യാർത്ഥികൾക്കാവശ്യമായ പഠന നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഇ-മെയിൽ, സ്മാർട്ട് ഫോൺ എന്നിവ വഴി ആശയ വിനിമയം നടത്തുന്നതിന് അതാത് വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നു.

8. 19-20 കാലഘട്ടത്തിലെ Plan Fund ഉപയോഗിച്ച് സംഘടിപ്പിച്ചിട്ടുള്ള പഠന യാത്രകളുടെയും സെമിനാറുകളുടെയും ബില്ലുകൾ തയ്യാറാക്കി നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പ് തലവന്മാരെ ചുമതലപ്പെടുത്തുന്നു.
9. ടി അവധി കാലയളവിൽ കോളേജിന്റെ അക്കാദമികവും വികസനോന്മുഖമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.
10. ടി പ്രവർത്തനങ്ങൾ എല്ലാത്തിലും പ്രിൻസിപ്പാളിന്റെ വ്യക്തിപരമായ ഇടപെടൽ ഉണ്ടാകണമെന്ന് അറിയിക്കുന്നു.

ഒപ്പ്/-
ഡോ.സുമ.കെ.കെ
അഡീഷണൽ ഡയറക്ടർ

പകർപ്പ്:-
1. എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കും)
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ആർ.ബി. 12.03.2020